**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3743** **12-03-2025 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസിൽ കേരളത്തിന്റെ പ്രകടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒളിംപിക്സ് മാതൃകയിൽ ദേശീയ ഗെയിംസ് സംഘടിപ്പിച്ചു തുടങ്ങിയ 1985-ന് ശേഷം കേരളത്തിന്റെ ഏറ്റവും മോശം പ്രകടനമാണ് ഇക്കഴിഞ്ഞ മുപ്പത്തിയെട്ടാമതു ദേശീയ ഗെയിംസിൽ ഉണ്ടായത് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്.<br><br>38-ാംമത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച പ്രകടന മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം വിലയിരുത്തുന്നതിനായി എല്ലാ കായിക ഇനങ്ങളുടെയും തയ്യാറെടുപ്പും പങ്കാളിത്തവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി, കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം ഏറ്റവും മികച്ച പ്രകടന മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുമുള്ള വിശദമായ മാർഗ്ഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്.<br><br>പ്രാഥമിക വിലയിരുത്തലിൽ അത്ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ മികച്ച കായിക താരങ്ങൾ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും അതുപോലെ ഗോവയിൽ നടന്ന 37-ാംമത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ കായിക ഇനമായ കളരിപ്പയറ്റ് 38-ാംമത് നാഷണൽ ഗെയിംസിൽ മത്സര ഇനം അല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന് കാരണമായിട്ടുണ്ട്. |
| (ബി) | ദേശീയ ഗെയിംസിൽ കേരളത്തിന്റെ മോശം പ്രകടനത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോയെന്നും ഭാവിയിൽ പ്രകടനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ? | (ബി) | ഉണ്ട്.<br><br>38-ാംമത് നാഷണൽ ഗെയിംസിൽ കേരളം പ്രതീക്ഷിച്ച പ്രകടന മികവിലേക്ക് എത്താത്തതിനുള്ള സാഹചര്യം വിലയിരുത്തുന്നതിനായി എല്ലാ കായിക ഇനങ്ങളുടെയും തയ്യാറെടുപ്പും പങ്കാളിത്തവും സംബന്ധിച്ച് വിശദമായ പരിശോധന നടത്തി, |

| | | | |
|---|---|---|---|
| | | | കായിക സംഘടനകളുമായി ചർച്ച ചെയ്ത് അടുത്ത ദേശീയ ഗെയിംസിൽ കേരളം ഏറ്റവും മികച്ച പ്രകടന മികവിലേക്ക് എത്തുന്നതിനുള്ള പദ്ധതികൾ രൂപപ്പെടുത്തി അവ നടപ്പാക്കുന്നതിനുമുള്ള വിശദമായ മാർഗ്ഗരേഖ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ആവിഷ്കരിക്കുന്നതാണ്.<br><br>പ്രാഥമിക വിലയിരുത്തലിൽ അത്ലറ്റിക്സ് കായിക ഇനത്തിൽ നിലവിൽ നാഷണൽ ചാമ്പ്യൻഷിപ്പുകളിൽ മെഡൽ ജേതാക്കളായ മികച്ച കായിക താരങ്ങൾ പരിക്കുകാരണം നാഷണൽ ഗെയിംസിൽ പങ്കെടുക്കാതിരുന്നതും അതുപോലെ ഗോവയിൽ നടന്ന 37-ാംമത് നാഷണൽ ഗെയിംസിൽ കേരളം 22 മെഡൽ കരസ്ഥമാക്കിയ കായിക ഇനമായ കളരിപ്പയറ്റ് 38-ാംമത് നാഷണൽ ഗെയിംസിൽ മത്സര ഇനം അല്ലാതെ പ്രദർശന ഇനം മാത്രമായി ഉൾപ്പെടുത്തിയതും പതിനാലാം സ്ഥാനത്തേക്ക് എത്തിയതിന് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ